(ഡി) 2003-2004-ൽ 63,59,790 രൂപയുടെ കേന്ദ്ര സഹായം ലഭിച്ചു. അതിൽ 7,31,965 രൂപ ചിലവാക്കി. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) എസ്.സി.ഇ.ആർ.ടി. നടത്തുന്ന ഓപ്പൺ സ്കൂളിൽ 2003-2005 ബാച്ചിൽ ആകെ 84083 കുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഫീസിനത്തിൽ 6,15,67,701 രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും 71,87,080 രൂപ കുട്ടികൾക്കുവേണ്ടി ചെലവാക്കിയിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി.-യുടെ പ്രധാന ജോലിയായ പാഠപുസ്തക നിർമ്മാണ ചെലവുകൾക്ക് ട്രഷറി നിയന്ത്രണം മൂലം തടസ്സം വരുമ്പോൾ ഓപ്പൺ സ്കൂൾ ഫണ്ടിൽ നിന്നും കടമായി എടുക്കാറുണ്ട്. ഈ തുക ചെക്ക് മാറുന്ന മുറയ്ക്ക് തിരിച്ചടക്കാറുമുണ്ട്. സർക്കാർ അനുമതി ഇല്ലെങ്കിലും ഗവേണിംഗ് ബോഡിയുടെ അനുവാദത്തോടെയാണ് ഇപ്രകാരം ചെയ്യാറുള്ളത്.

(എഫ്) നിലവിലില്ല. അദ്ധ്യാപക യോഗ്യത ഇല്ലാത്ത ആരെയും അദ്ധ്യാപകരായി നിയമിച്ചിട്ടില്ല. എസ്.സി.ഇ.ആർ.ടി. സ്വയം ഭരണ സ്ഥാപനമാകയാൽ എസ്.സി.ഇ.ആർ.ടി.-യിലെ തസ്തികകൾ അദ്ധ്യാപകരുടെ പ്രൊമോഷൻ തസ്തികകളായി മാറ്റുന്ന കാര്യം പരിഗണനാർഹമല്ല.

കോളേജ് അദ്ധ്യാപകരെ മാനേജ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുനർവിന്യസിപ്പിക്കുന്നതിനുള്ള നടപടി

369 [2428] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീഡിഗ്രി ഡി-ലിങ്കിനെത്തുടർന്ന് തസ്തിക ഇല്ലാതായ കോളേജുകളിൽ നിന്നും പുറത്തായ അദ്ധ്യാപകരെ നിലനിർത്തുന്നതിനുവേണ്ടി ഏതെല്ലാം മാനേജ്മെന്റുകൾക്കാണ് ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ച് കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ പുറത്തായ മുഴുവൻ അദ്ധ്യാപകർക്കും മാനേജ്മെന്റുകൾ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിയമനം കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതു തീയതി വരെ നിയമിക്കപ്പെട്ടവരെയാണ് ഹയർ സെക്കണ്ടറി സ്കൂളുകളിലേക്ക് പുനർവിന്യസിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഹയർ സെക്കണ്ടറി സ്കൂളുകൾ ലഭിച്ച ചില മാനേജ്മെന്റുകൾ അധികമായി വന്ന കോളേജ് അദ്ധ്യാപകരെ അവരുടെ മാനേജ്മെന്റിന്റെ കീഴിലുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിയമിക്കാതെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപകരായി പുനർവിനൃസിക്കുകയും ആ മാനേജ്മെന്റിന്റെ കീഴിൽ ഒഴിവുവന്ന തസ്തികയിൽ പുതുതായി അദ്ധ്യാപകരെ നിയമിക്കുകയും ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത്തരം നിയമനങ്ങൾ അംഗീകരിച്ചത് ഏതു മാനദണ്ഡ പ്രകാരമാണ്; പ്രസ്തുത നിയമനങ്ങൾ അംഗീകരിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) ചില കോളേജ് മാനേജ്മെന്റുകൾ തങ്ങൾക്ക് ഹയർ സെക്കണ്ടറി സ്കൂളുകൾ ലഭിച്ചപ്പോൾ അതിന്റെ മാനേജുമെന്റിന്റെ പേരുമാറ്റി യഥാർത്ഥ വസ്തുത മറച്ചുവെച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇത്തരം മാനേജുമെന്റുകൾക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എസ്.എൻ. ട്രസ്റ്റ്, എം.ഇ.എസ്., എൻ.എസ്.എസ്., ടി.കെ.എം., എം.എസ്.എം. എന്നീ മാനേജ്മെന്റുകൾക്കാണ് ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ചിട്ടുള്ളത്. പുറത്തായ അദ്ധ്യാപകരെ നിലനിർത്തുന്നതിനല്ല മറിച്ച് പ്രീഡിഗ്രി നഷ്ടപ്പെട്ടതിന് പകരമായാണ് ഇവർക്ക് +2 അനുവദിച്ചത്.

(ബി) ഇല്ല. ലഭ്യമായ ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിട്ടുള്ളത്.

(സി) ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പരിശോധിച്ചുവരുന്നു.

(ഇ) ഇല്ല

(എഫ്) ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly